മാതൃഭൂമി

07 October 2023

# അഗ്രികൾച്ചർ സയൻസ് കോൺഗ്രസ് 10 -ന്

**കൊച്ചി▸** അഗ്രികൾച്ചർ സയൻസ് കോൺഗ്രസ് ഈ മാസം 10-ന് നടക്കും. നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചർ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനം കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും.

നാലു ദിവസങ്ങളിലായി ഹോട്ടൽ ലെ മെറിഡിയനിലാണ് സമ്മേളനം. കേന്ദ്ര കൃഷി ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. ഹിമാൻഷു പഥക് അധ്യക്ഷത വഹിക്കും. ഇന്ത്യക്കകത്തും പുറത്തുനിന്നുമായി 1500-ലേറെ പ്രതിനിധികൾ പങ്കെടുക്കും.